**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3370**

11.05.2017 - ൽ മറുപടിക്ക്

## സഹകരണ വകുപ്പിന് കീഴിലുള്ള അരിക്കടകൾ

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ എത്ര അരിക്കടകളാണ് ഈ സർക്കാർ ആരംഭിച്ചത്; ഇതിൽ എത്രയെണ്ണം പൂട്ടിയിട്ടുണ്ട്; ശേഷിക്കുന്നവയുടെ എണ്ണം എത്രയാണ്; പുതുതായി എത്ര അരിക്കടകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലൂടെ 680 അരിക്കടകളാണ് ഈ സർക്കാർ ആരംഭിച്ചത്. ഇതിൽ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല.<br>സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യത വരാത്തതിനാൽ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ താത്പര്യാനുസൃതമാണ് പുതിയ അരിക്കടകൾ ആരംഭിക്കുന്നത്. |
| (ബി) | പ്രസ്തുത കടകൾ വഴി വിതരണം ചെയ്യുന്നതിന് ബംഗാളിൽ നിന്നും എത്ര അളവിലുള്ള അരിയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിൽ എത്ര അളവ് അരി ഇതിനോടകം ലഭിച്ചിട്ടുണ്ട്; ലഭിച്ചതിൽ എത്രയാണ് വിതരണം നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത അരിക്കടകൾ വഴി വിതരണം ചെയ്യുന്നതിന് 9078 ടൺ അരി വാങ്ങുന്നതിനാണ് പർച്ചേസ് ഓഡർ നൽകിയിട്ടുള്ളത്. 1894.11 ടൺ അരിക്ക് നൽകിയ പർച്ചേസ് ഓഡർ സമയബന്ധിതമായി സപ്ലൈ നൽകാത്തതിനെ തുടർന്ന് റദ്ദാക്കി.. 5147 ടൺ അരി ഇതിനോടകം ലഭിച്ചിട്ടുണ്ട്. ഗുണമേന്മ കുറവായതിനാൽ 151.572 ടൺ അരി സപ്ലൈയർക്ക് തിരികെ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. 4836.437 ടൺ അരി ഇതിനോടകം സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | അരിവില നിയന്ത്രിക്കുന്നതിൽ ഇത്തരം അരിക്കടകൾക്ക് കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണമെന്ന് അറിയിക്കാമോ? | | അരിവില നിയന്ത്രിക്കുന്നതിൽ ഇത്തരം അരിക്കടകൾക്ക് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടില്ല. അരിക്കടകളുടെ പ്രവർത്തനം ഫലപ്രദമാണ്. ഇതിന് പൊതുജനങ്ങൾക്കിടയിൽ നല്ല സ്വീകരണമാണ് ലഭിച്ചിട്ടുള്ളത്. ജയ അരിയുടെ വില പൊതുവിപണിയിൽ 50 രൂപയിൽ നിന്നും 32 രൂപയിലേയ്ക്കും കുറുവ അരിയുടെ വില 46 രൂപയിൽ നിന്നും 36 രൂപയിലേയ്ക്കും മറ്റ് അരി ഇനങ്ങളുടെ വില ഗണ്യമായ തോതിലും കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ